12560
22/4/19

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ അച്ചൻകോവിൽ ഡിപ്പോയുടെ ഭാഗമായ മുള്ളുമല അനക്സിൽ 28.03.2019-ാം തീയതി നടന്ന 35424/18-19 -ാം നമ്പർ ഇ - ലേലത്തിൽ ശ്രീ. നസീബ് എം. എ എന്നയാൾക്ക് ലേലനിബന്ധന പ്രകാരം അടയ്ക്കാൻ കഴിയാതിരുന്ന തുക ഒടുക്കി തടി നീക്കം ചെയ്യുന്നതിന് സാവകാശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.248/2019/വനം തീയതി,തിരുവനന്തപുരം, 05/07/2019

---

പരാമർശം:- 1. ശ്രീ.നസീബ്.എം.എ, നിസാം മൻസിൽ, പാങ്ങലുകാട്, കടയ്ക്കൽ, കൊല്ലം 25/4/2019-ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം.

2 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്- ന്റെ 10/6/2019 ലെ- പ്രൊ (4)-60171/16 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ അച്ചൻകോവിൽ ഡിപ്പോയുടെ ഭാഗമായ മുള്ളുമല അനക്സിൽ 28.03.2019-ാം തീയതി നടന്ന 35424/18-19 -ാം നമ്പർ ഇ - ലേലത്തിൽ ലേലനിബന്ധന പ്രകാരം സമയപരിധിക്കുള്ളിൽ അടയ്ക്കാൻ കഴിയാതിരുന്ന തുക ഒടുക്കി തടി നീക്കം ചെയ്യുന്നതിന് അനുമതി നൽകണമെന്നപേക്ഷിച്ചുകൊണ്ട് ശ്രീ. നസീബ് എം. എ പരാമർശം 1) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2. തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ അച്ചൻകോവിൽ ഡിപ്പോയുടെ ഭാഗമായ മുള്ളുമല അനക്സിൽ 28.03.2019-ാം തീയതി നടന്ന 35424/18-19-ാം നമ്പർ ഇ - ലേലത്തിൽ ശ്രീ. നസീബ് എം. എ എന്നയാൾ എം2-78/19, 2.321 ക്യുബിക് മീറ്റർ, എം2-79/19, 0.668 ക്യൂബിക് മീറ്റർ എന്നീ രണ്ട് ലോട്ടുകൾ നിരതദ്രവ്യമായ 25,000/- രൂപ ഒടുക്കി ലേലം കൊണ്ടിരുന്നുവെന്നും, ലേല നിബന്ധനയനുസരിച്ച് ലേലത്തിൽ പിടിച്ച തടിയുടെ മൊത്തം തുകയായ 77,025/- ന്റെ 35% തുകയായ 26,959/- രൂപയിൽ നിന്ന് ഇ . എം . ഡി തുകയായ 25,000/- രൂപ കുറച്ച് 1959/- രൂപ പ്രസ്തുത ലേലത്തിന് അംഗീകാരം കിട്ടി ഏഴ് പ്രവൃത്തി ദിവസത്തിനകം

അടയ്ക്കേണ്ടതായിരുന്നുവെങ്കിലും ശ്രീ.നസീബിന് ടി തുക സമയപരിധിക്കുള്ളിൽ അടയ്ക്കുവാൻ കഴിഞ്ഞിരുന്നില്ലായെന്നും, എന്നാൽ ശ്രീ.നസീബ്.എം.എ എന്നയാൾ പണമൊടുക്കുന്നതിൽ കാലതാമസം നേരിട്ടത് തികച്ചും ആകസ്മികവും, ഔദ്യോഗിക ജോലിയിലെ തിരക്ക് മൂലവും, മനഃപൂർവ്വമല്ലാത്ത കാരണത്താലായതിനാലും ഇ - ലേല വ്യവസ്ഥയിലെ 14(a)(i), (ii), 14(b) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ട് 12.04.2019-നു മുമ്പ് ഒടുക്കേണ്ടിയിരുന്ന 1959/- രൂപയും ബാക്കി തുകയും, നികുതികളും, പിഴപലിശയും അടയ്ക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്നും, ആയതിന് ഉത്തരവ് തീയതി മുതൽ 30 ദിവസത്തെ സമയപരിധി നിശ്ചയിച്ച് നൽകാവുന്നതാണെന്നും പരാമർശം 2) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. നസീബ്എം.എ സർക്കാരിൽ സമർപ്പിച്ച നിവേദനത്തിന്റേയും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, ശ്രീ. നസീബ് എം. എ എന്നയാൾ പണമൊടുക്കുന്നതിൽ കാലതാമസം നേരിട്ടത് തികച്ചും ആകസ്മികവും, ഔദ്യോഗിക ജോലിയിലെ തിരക്ക് മൂലവും, മനഃപൂർവ്വമല്ലാത്ത കാരണത്താലായതിനാലും, തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ അച്ചൻകോവിൽ ഡിപ്പോയുടെ ഭാഗമായ മുള്ളുമല അനക്സിൽ 28.03.2019-ാം തീയതി നടന്ന 35424/18-19-ാം നമ്പർ ഇ - ലേലത്തിൽ ശ്രീ. നസീബ് എം. എ എന്നയാൾക്ക് ഇ-ലേല വ്യവസ്ഥയിലെ 14(a)(i), (ii), 14 (b) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചു കൊണ്ട് 12.04.2019 നു മുമ്പ് ഒടുക്കേണ്ടിയിരുന്ന 1959/- രൂപയും, ബാക്കി തുകയും, നികുതികളും, പിഴപലിശയും അടച്ച് തടി നീക്കം ചെയ്യുന്നതിന് ഈ ഉത്തരവ് തീയതി മുതൽ 30 ദിവസത്തെ സാവകാശം നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-നെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുല്‍ഫിക്കർ റഹ്മാന്.എ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.നസീബ്.എം.എ, നിസാം മൻസിൽ, അമ്പാടി ജംഗ്ഷൻ, പാങ്ങലുകാട്, കടയ്ക്കൽ, കൊല്ലം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

File No.FWLD-B2/71/2019-FWLD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRAVEEN KUMAR S
Date: 2019.07.05 13:15:00 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്